## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 342** **28.01.2019 -ൽ മറുപടിക്ക്.**

## പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ചിറയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.കെ. രാജൻ**<br>**,, വി.ആർ. സുനിൽ കുമാർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) റേഷൻകാർഡ് സംബന്ധമായ അപേക്ഷകൾ 25.06.2018 മുതൽ സ്വീകരിച്ചു തുടങ്ങിയിട്ടുള്ളതാണ്. കഴിഞ്ഞ നാലു വർഷമായി റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. നാളിതു വരെ 19.31 ലക്ഷം അപേക്ഷകൾ സംസ്ഥാനത്തൊട്ടാകെ ലഭിച്ചിട്ടുണ്ട്. ഇവയിൽ സി-ഡിറ്റുമായി ചേർന്ന് അപേക്ഷകളിൽ ഡാറ്റാ എൻട്രി വരുത്തി 14 ലക്ഷം അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട്. വളരെ വേഗം ഇവ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി അർഹരായവരെ ഉൾപ്പെടുത്തുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റായുമായി റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം വഴി ഡാറ്റാ മാപ്പിംഗ് നടത്തിയും ഫീൽഡ് പരിശോധന നടത്തിയും മറ്റു സ്രോതസ്സുകൾ വഴി ലഭിച്ച പരാതികളിൻമേൽ അന്വേഷണം നടത്തിയും 20.01.2019 വരെ 2,86,677 കുടുംബങ്ങളെ അനർഹമാണെന്ന് കണ്ടെത്തി ഒഴിവാക്കി. ഇപ്രകാരം കണ്ടെത്തിയ ഒഴിവുകളിൽ ഓരോ താലൂക്കിലും അദാലത്ത് നടത്തി തയ്യാറാക്കിയിട്ടുള്ള അർഹരുടെ സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും ക്രമമനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. |
| (സി) നിലവിൽ കേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്ന ഭക്ഷ്യധാന്യ വിഹിതം അപര്യാപ്തമായതിനാൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽ വരുന്നതിന് മുമ്പ് സംസ്ഥാനത്തിന് ലഭിച്ചിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് പുന:സ്ഥാപിക്കണമെന്ന് | (സി) ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യവിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരവധി തവണ കത്തുകളിലൂടെയും ഗവർണ്ണർമാരുടെ സമ്മേളനത്തിലും എം.പിമാരുടെ കോൺഫറൻസിലും ഉന്നയിക്കുകയും ബഹു. ഭക്ഷ്യവകുപ്പ മന്ത്രിതലത്തിലും ബഹു. മുഖ്യമന്ത്രിതലത്തിലും സർവ്വകക്ഷിതലത്തിൽ ബഹു.പ്രധാനമന്ത്രിയെ നേരിട്ട് കണ്ടും |

| | | |
|---|---|---|
| | കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം വ്യക്തമാക്കുമോ; | കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എ.പി.എൽ വിഹിതത്തിലുള്ള കേരളത്തിന്റെ ഓഫ് ടേക്കിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നതിനാൽ കേരളത്തിനു മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് നിലവിൽ കേന്ദ്ര സർക്കാരിൽ നിന്ന് അറിയിച്ചിട്ടുള്ളത്. |
| (ഡി) | ഇ-പോസ് യന്ത്രം റേഷൻ കടകളിലെ ത്രാസ്സുമായി ബന്ധിപ്പിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ? | സംസ്ഥാനത്തൊട്ടാകെയുള്ള റേഷൻകടകളിൽ പുതിയ അളവു തൂക്കയന്ത്രം വാങ്ങി നൽകുന്നതിന് 932 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അളവു തൂക്കയന്ത്രങ്ങൾ ഇ-ടെൻഡർ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരികയാണ്. 2019 ജൂൺ മാസത്തോടെ ഇവ എല്ലാ റേഷൻകടകളിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**